"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - പുനലൂർ മുൻ എം.എൽ.എ. ശ്രീ. കെ. രാജുവിന്റെ 2018-19 വർഷത്തെ ആസ്തിവികസന ഫണ്ടുപയോഗിച്ച് 'പുനലൂർ ഡിപ്പോയിൽ യാത്രക്കാരുടെ കാത്തിരിപ്പ് കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും' എന്ന പ്രവൃത്തിയുടെ 2nd & ഫൈനൽ ബിൽ തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2026/TRANS തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 126/2017/ധന തീയതി 25/09/2017.

2. സ.ഉ. (സാധാ) നം. 205/2022/ഗതാ തീയതി 18/05/2022.

3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ 08.07.2025-ലെ S001-AB04/257/2025-CIVIL-KSRTC-HQ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനലൂർ ഡിപ്പോയിൽ 'യാത്രക്കാരുടെ കാത്തിരിപ്പ് കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും' എന്ന പദ്ധതി നടപ്പാക്കുന്നതിന് മുൻ എം.എൽ.എ. ശ്രീ. കെ. രാജുവിന്റെ 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും 40,00,000/- രൂപ (നാല്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയ External Agency ആയ M/s. Habitat Technology Group, Punalur സമർപ്പിച്ച 1st പാർട്ട് ബിൽ പ്രകാരം 18,50,370/- രൂപ അനുവദിച്ചുകൊണ്ടും ടി തുക "7055-00-190-194 Project under LAC ADS" എന്ന ശീർഷകത്തിൽ നിന്നും റീലിസ് ചെയ്തുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ പ്രവൃത്തി പൂർത്തിയാക്കി 21,30,500/- രൂപയുടെ 2nd & Final പാർട്ട് ബിൽ M/s. Habitat Technology Group സമർപ്പിച്ചിരിക്കുന്നുവെന്നും 21,30,500/- രൂപയുടെ ബിൽ തുക പാസാക്കി കെ.എസ്.ആർ.ടി.സി.യുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'പുനലൂർ ഡിപ്പോയിൽ യാത്രക്കാരുടെ കാത്തിരിപ്പ് കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും' എന്ന പ്രവൃത്തിയുടെ 2nd & Final ബിൽ തുകയായ 21,30,500/- രൂപ (ഇരുപത്തിയൊന്നു ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) '5055-00-800-77-00-16-NV' എന്ന ശീർഷകത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ (2025-26) വിഹിതത്തിൽ നിന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ 701011400000157 എന്ന Special TSB അക്കൗണ്ടിലേക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി ബി നൂഹ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ശ്രീ. കെ. രാജു, മുൻ എം.എൽ.എ. (പുനലൂർ).
ജില്ലാ കളക്ടർ, കൊല്ലം.
ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്.
(18.11.2025-ലെ 2059922/NC-B2/62/2022-FIN നമ്പർ പ്രകാരം)
ജില്ല ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (E 2047015)

ഉത്തരവിൻ പ്രകാരം,
Signed by
Sudheesh C P
Date: 29-01-2026 10:13:59
സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.